# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1974 — 06.02.2019 ൽ മറുപടിക്ക്

## മത്സ്യബന്ധന ബോട്ടുകളിൽ മനുഷ്യക്കടത്ത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ്.പി.കുന്നപ്പിള്ളിൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് നിന്നും മനുഷ്യക്കടത്ത് വ്യാപകമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വ്യാപകമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കൊച്ചി, മുനമ്പം, മാലിയങ്കര പ്രദേശങ്ങൾ കേന്ദ്രീകരിച്ച് മത്സ്യബന്ധന ബോട്ടുകളിൽ മനുഷ്യക്കടത്ത് നടത്തുന്നതായ റിപ്പോർട്ടുകൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (ബി) ഈ സംഭവം വളരെ ഗൗരവമായി പരിഗണിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ അന്വേഷണത്തിൽ വെളിവായ വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) മുനമ്പത്തുനിന്നും മത്സ്യബന്ധന ബോട്ടിൽ ന്യൂഡൽഹി മാദംഗീർ എന്ന സ്ഥലത്ത് താമസക്കാരായ തമിഴ് സംസാരിക്കുന്നവരും, ഏതാനും ചില ശ്രീലങ്കൻ സ്വദേശികൾ എന്ന് സംശയിക്കുന്നവരുമടക്കം 100 ലധികം പേർ (പുരുഷൻമാർ, സ്ത്രീകൾ, കുട്ടികൾ) 12/01/2019 ന് പുലർച്ചെ മുനമ്പം, മാലിയൻകര ഭാഗത്തുനിന്നും കടൽമാർഗ്ഗം ന്യൂസിലാന്റിലേയ്ക്ക് എന്നു പറഞ്ഞ് അനധികൃതമായി പോയതിന് വടക്കേക്കര പി.എസ് ക്രൈം 36/2019 u/s 102 CrPC ആയും, മുനമ്പം പി.എസ് ക്രൈം 43/19 u/s 102 CrPC ആയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വടക്കേക്കര പി.എസ് ക്രൈം 36/2019 ആയി രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണത്തിൽ, Sec 12(1)(a) of Passport Act, 1967; Sec.10, 22 r/w 24 (1)(a) of Emigration Act, 1983; Sec.14(A)(a)(D) of Foreigners Act, 1946; Sec.109, 120(b), 468, |

471 of IPC പ്രകാരമുള്ള കുറ്റകൃത്യം നടന്നതായി വെളിവായിട്ടുള്ളതിനാൽ പ്രസ്തുത സെക്ഷനുകൾ ചേർത്ത് അന്വേഷണം നടത്തി വരുന്നു. അന്വേഷണത്തിൽ ഇതിന് നേതൃത്വം നൽകിയ 9 പേരെ തിരിച്ചറിഞ്ഞിട്ടുള്ളതും ആയതിൽ 3 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതും റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. കേസിൽ ഊർജിതമായ അന്വേഷണം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ